

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.KLM/P10/ 1732 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KLM/P10/ 1732 /2023 തീയ്യതി: 31/10/2023

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-12-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-12-2022 മുതൽ 31-08-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എസ്.അനിൽകുമാർ	ഡെപ്യൂട്ടി ഡയറക്ടർ	20-09-2023	30-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-09-2023	30-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. അരുൺജിത്ത് ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദിവ്യ ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ എസ്.കെ.	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.അജ്മൽ ജെ.	സെക്രട്ടറി	01-04-2022	03-10-2022
ശ്രീ. ഡെമാസ്റ്റൻ	സെക്രട്ടറി	03-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജി.അനിൽകുമാർ	അസി. സെക്രട്ടറി	01-04-2022	31-03-2023
ശ്രീമതി ശ്രീലക്ഷ്മി എസ്.	മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	01-04-2022	31-03-2023
ശ്രീ.നിഷാന്ത്	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി സരിതാ ഭാർഗ്ഗവൻ	അസി. എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി ബിന്ദുമോൾ കെ.	കൃഷിഓഫീസർ	01-04-2022	03-08-2022
ശ്രീ. പ്രദീപ്	കൃഷിഓഫീസർ	03-08-2022	31-03-2023
ശ്രീമതി ഷാജിത	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീ.വിശാൽരാജ്	വി.ഇ.ഒ.	01-04-2022	04-08-2022
ശ്രീ. ഗിരീഷ് വി.	വി.ഇ.ഒ.	04-08-2022	31-03-2023
ശ്രീ. അനൂപ് റ്റി.	വി.ഇ.ഒ.	01-04-2022	12-09-2022
ശ്രീമതി രതി റ്റി.ജെ.	വി.ഇ.ഒ.	12-09-2022	31-03-2023
ശ്രീമതി പത്മജാദേവി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	23-06-2022
ശ്രീ. ഉമേഷ്	ഡയറി ഫാം ഇൻസ്ട്രക്ടർ	23-06-2022	31-03-2023
ശ്രീമതി അനീസ എ.	ഹെഡ്മിസ്ട്രസ്സ്	01-04-2022	31-03-2023
ശ്രീമതി സൂര്യ സുരേന്ദ്രൻ	അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.	01-04-2022	31-03-2023
ശ്രീമതി അഞ്ജലി ജി.ആർ.	അക്രഡിറ്റഡ് ഓവർസിയർ	01-04-2022	31-03-2023
ശ്രീമതി മുജിതബ	അക്രഡിറ്റഡ് ഓവർസിയർ	01-04-2022	31-03-2023

മുബാറഖ്			
ശ്രീമതി മിനി എസ് പൈ	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2022	10-12-2022
ശ്രീമതി സിന്ധു രാമചന്ദ്രൻ	മെഡിക്കൽ ഓഫീസർ, ആയൂർവേദം	10-12-2022	13-01-2023
ശ്രീമതി ഗൗരി	മെഡിക്കൽ ഓഫീസർ, ആയൂർവേദം	13-01-2023	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എസിആർ ൽ നിന്നും ഒഴിവാക്കിയില്ല	1-1-3
5	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-5
7	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഇല്ല.	1-1-6
8	ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നിലൽ	1-1-7
9	വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.	1-1-8
10	ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രഡിറ്റ് ആയില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഒടുക്കിയില്ല	1-7-1
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തരനിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	സേവനഉപനികുതി ഈടാക്കുന്നതിലൂടെയുള്ള തനതു വരുമാന വർദ്ധനവ്-പരിശോധന അനിവാര്യം	1-11
22	റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല	1-12

23	ഇ-പേയ്മെന്റ് അക്കൗണ്ടിൽ മുൻവർഷങ്ങളിൽ ഓൺലൈനായി അടവാക്കിയ തുകകൾ നാളിതുവരെയും ക്രഡിറ്റ് ആയില്ല	1-13
24	ഇ- പേയ്മെന്റ് അക്കൗണ്ടിൽ പലിശരഹിതമായി തുക അവശേഷിക്കുന്നു	1-14
25	തൊഴിൽ നികുതി അടവാക്കിയില്ല	1-15
26	എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല - 2,13,226/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-16
27	അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ	1-17
28	ബഡ്സ് സ്കൂൾ - ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു	1-18
29	തനതു വിഭവ സമാഹരണം- അവലോകനം	1-19
30	ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം	1-20
31	മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല	1-21
32	മരുന്ന് പൂർണ്ണമായി ലഭ്യമായില്ല - 74,201/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
33	മെൻസ്ട്രൽ കപ്പ് പൂർണ്ണമായി വിതരണം ചെയ്തില്ല -24,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
34	ലൈഫ് ഭവന പദ്ധതി-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല	1-24
35	ജനകീയ ഹോട്ടൽ പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 5,273 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
36	ഹരിതകർമ്മസേന പ്രവർത്തന അവലോകനം	1-26
37	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമ കേന്ദ്രങ്ങളുടെ വിവരം ലഭ്യമാക്കിയില്ല	1-27
38	വിവിധ പ്രോജക്ടുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-28
39	മുൻകൂർ അനുവദിക്കപ്പെട്ട പ്രോജക്ടുകൾ പൂർത്തിയായില്ല	1-29
40	നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല	1-30
41	അക്രഡിറ്റഡ് സ്ഥാപനത്തിന് അധിക നിരക്കിൽ അഡ്വാൻസ് അനുവദിച്ചു	1-31
42	വെള്ളക്കരം ഒടുക്കൽ - ഡിമാന്റ് വിവരം ലഭ്യമാക്കിയില്ല	1-32

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ശ്രുരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 11-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 31-07-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം.

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശ്രുരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിംഗ് , ഇൻവെസ്റ്റിംഗ്, ഫിനാൻസിംഗ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹1,21,40,977/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = ₹22,04,604/-

1-1-3 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എസിആർ ൽ നിന്നും ഒഴിവാക്കിയില്ല

ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ.-ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എ.സി.ആർ. കണക്കുകളും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു. സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവും എ.സി.ആർ. ചെലവും പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ഫണ്ട് ഇനം	എ സി ആർ പ്രകാരം ചെലവ് (സോഴ്സ് ഡിഡക്ഷൻ തുക കൂടി പരിഗണിച്ച്) (₹)	സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് (₹)
1	വികസന ഫണ്ട് ജന.	1,55,38,000/-	1,51,55,299
2	വികസന ഫണ്ട് – എസ് സി പി	1,06,81,000/-	1,04,78,615

ക്രമ നം. 1 ൽ "നം. 144/23-മിൽക്ക് ഇൻസെന്റീവ് " എന്ന പ്രോജക്ടിന്റെ 3,82,701/-രൂപയുടെ ബില്ലുകളുടെ ചെലവുകൾ എ.സി.ആർ.-ൽ ചെലവായി ഉൾപ്പെടുത്തിയെങ്കിലും പ്രസ്തുത ബില്ലുകൾ ട്രഷറിയിൽ നിന്നും പാസ്സായിട്ടില്ല.

ക്രമ നം. 2 – പ്രോജക്ട് നം. 47/23 പ്രകാരമുള്ള 21,125/-രൂപയുടെ ചെലവും പ്രോജക്ട് നം. 48/23 പ്രകാരമുള്ള 1,81,260/-രൂപയുടെ ചെലവും സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വസ്തുനികുതി വരവ്, കുടിശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രുവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

1-1-6 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഇല്ല.

വിവിധ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രയർ പീരിയഡ് ഐറ്റംസ് ഇനത്തിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികത കാണിക്കുന്ന ജേർണൽ വൗച്ചറുകൾ, അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത സ്ഥാപിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-7 ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

താഴെ പറയുന്ന ഫണ്ടുകളുടെ ചെലവിൽ എ.സി.ആർ./സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ ചെലവുകൾ സുലേഖ പത്രിക പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	എ.സി.ആർ., സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയതു പ്രകാരമുള്ള ചെലവ് (₹)	സുലേഖ പത്രിക പ്രകാരമുള്ള ചെലവ് തുക (₹)
ലൈഫ് ലോൺ വിഹിതം	94,40,000/-	93,90,000/-

1-1-8 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

(I) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(Ii) ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിലെ ഹെഡ് 430100102 പ്രകാരം ക്ലോസിംഗ് സ്റ്റോക്കിന്റ മൂല്യം ₹48,437/- ആയതിന്റെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-9 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രഡിറ്റ് ആയില്ല

എസ് ബി ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തലിൽ 'ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ ക്രെഡിറ്റ് ആയില്ല' എന്ന ഹെഡിൽ കാണിച്ചിട്ടുള്ള തുക ₹27,210/-.
മുൻമാസങ്ങളിൽ ലഭിച്ച തുക ക്രെഡിറ്റ് ചെയ്യാത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

30.03.22 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 30.03.23 ലെ 1(2) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,50,82,937/-രൂപ
വരവ്	5,98,39,118/-രൂപ
ആകെ	8,49,22,055/- രൂപ
ചെലവ്	5,76,34,514/- രൂപ
നീക്കിയിരിപ്പ്	2,72,87,541/-രൂപ
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം	0
തടസ്സപ്പെടുത്തിയ തുക	35,01,660/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ട്രഷറി വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിനാൽ സാമ്പത്തിക അവലോകനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി/ ലാപ്സായ തുക ₹
വികസന ഫണ്ട്- പൊതു.	0	1,55,38,000/-	1,55,38,000/-	1,51,55,299/-	3,82,701/-
വികസന ഫണ്ട്- എസ് സി പി	0	1,06,81,000/-	1,06,81,000/-	1,06,81,000/-	0
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	1,34,62,000/-	1,34,62,000/-	1,21,60,691/-	13,01,309/-
മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്	0	60,90,000/-	60,90,000/-	60,90,000/-	0
സിഎഫ് സി-ടൈഡ് ട്രഷറി	0	10,25,463/-	10,25,463/-	5,80,700/-	4,44,763/-
സിഎഫ് സി-ടൈഡ് ബാങ്ക്	1,31,929/-	40,53,000/-	41,84,929/-	28,32,244/-	13,52,685/-
സിഎഫ് സി- അൺടൈഡ് ട്രഷറി	0	3,21,068/-	3,21,068/-	1,00,000/-	2,21,068/-
സിഎഫ് സി- അൺടൈഡ്-ബാങ്ക്	6,958/-	2702000+ 69678 =27,71,678/-	27,84,046/-	24,05,399/-	3,73,192/-

മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി ₹

ലൈഫ് സ്റ്റേറ്റ് ഷെയർ	39,26,745/-	62,20,000/-	1,01,46,745/-	68,50,000/-	32,96,745/-
ശുചിത്വ മിഷൻ	2,76,292/-	0	2,76,292/-	1,61,000/-	1,15,292/-
സോഷ്യൽ ജസ്റ്റിസ് ക്യാപിറ്റൽ	5,482/-	219/-	5,701/-	0	5,701/-
ബെസ്റ്റ് പഞ്ചായത്ത് അവാർഡ്	2,00,000/-	0	2,00,000/-	0	2,00,000/-
ഇന്റർനാഷണൽ ഓർഗനൈസേഷൻസ് ക്യാപിറ്റൽ	36,669/-	1,467/-	38,136/-	0	38,136/-

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി ₹
ഐസിഡിഎസ്	5,20,395/-	18,57,449/-	23,77,844/-	11,77,527/-	12,00,317/-
എംജിഎൻആർഇജിഎസ്	20/-	12,42,679/-	12,42,699/-	12,42,169/-	530/-
റ്റിഎസ് സി	33,07,562/-	1,27,105/-	34,34,667/-	0	34,34,667/-
കേന്ദ്ര അവാർഡ്	15,11,804/-	67,146/-	15,78,950/-	72/-	15,78,878/-
ഹെൽത്ത് ഗ്രാന്റ് -ഇൻഫ്രാസ്ട്രക്ചർ	0	2,68,341/-	2,68,341/-	1,24,852/-	1,43,489/-
ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ	0	1,36,927/-	1,36,927/-	94,995/-	41,932/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
171	31,74,64,104/-	132	8,96,65,644/-	0	39	77

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ	20/-	12,42,679/-	12,42,699/-	12,42,169/-	530/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	6,06,34,439/-	6,06,34,439/-	6,06,34,439/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	17,78,800/-
വിധവാപെൻഷൻ	1,13,43,800/-
വാർദ്ധക്യകാലപെൻഷൻ	2,12,34,200/-
വികലാംഗപെൻഷൻ	41,34,000/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	77,800/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	2,40,000/-

1-7-1 അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഒടുക്കിയില്ല

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി. 23.01.2020 ലെ 07/2020/ധന, 8-2-2021ലെ 14/21/ധന സർക്കുലറുകൾ

പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീമതി. കുഞ്ഞമ്മ തോമസ് എന്ന വ്യക്തി വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ 54,500/- രൂപ നിരവധി അറിയിപ്പുകൾ നൽകിയെങ്കിലും നാളിതു വരെയും അടവാക്കിയില്ല.

സുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി വ്യക്തിയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന മറുപടി ലഭ്യമാക്കി. തുടർ നടപടികൾ സ്വീകരിച്ച് തുക ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3/30.09.29

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2023 2.45 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,165/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ്. രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്കിന്റെ കൃത്യത മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ഐ.എൽ.ജി.എം.എസ്. വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പര്യാപ്തമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12/08/2022	04-2022 മുതൽ 06-2022 വരെ	12/08/22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23/02/2017	2011-12 മുതൽ 2015-16 വരെ	22/04/17

1-11 സേവനഉപനികുതി ഈടാക്കുന്നതിലൂടെയുള്ള തനതു വരുമാന വർദ്ധനവ്- പരിശോധന അനിവാര്യം

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപ്പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കുകളുടെ

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപ്പഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കാവുന്നതാണ്. 2022-23 ൽ ആകെ 42,99,981/-രൂപ വസ്തുനികുതി ഇനത്തിൽ (കറണ്ട് & അരിയർ ഉൾപ്പടെ, ലൈബ്രറി സെസ്സ് ഒഴികെ) ഈടാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കിയാൽ തന്നെയും 4,29,998/-രൂപ ഈ ഇനത്തിൽ ലഭിക്കേണ്ടതായിരുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ ധനാഗമ മാർഗ്ഗം എന്ന നിലയിൽ ഭരണസമിതി തീരുമാനം എടുത്ത് സേവന ഉപനികുതി ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-12 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം) ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമ നം. 149) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള 16 റേഷൻകടകളിൽ ഒന്നു പോലും ലൈസൻസ് എടുത്തിട്ടില്ല. അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് റേഷൻ കടകൾക്ക് നോട്ടീസ് നൽകി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.)എ 9- 764/2019 സർക്കുലർ, പ്രകാരം റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്.

റേഷൻകടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം. 17/30.09.23

1-13 ഇ-പേയ്മെന്റ് അക്കൗണ്ടിൽ മുൻവർഷങ്ങളിൽ ഓൺലൈനായി അടവാക്കിയ തുകകൾ നാളിതുവരെയും ക്രഡിറ്റ് ആയില്ല

ഓൺലൈൻ ഇടപാടുകൾക്കായുള്ള എസ്.ബി.ഐ.യിലെ 00000370442807 98-ാം നമ്പർ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വൻതുക അക്കൗണ്ടിൽ ക്രഡിറ്റ് ആകാൻ അവശേഷിക്കുന്നു. 31.08.2023 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ ഹാജരാക്കിയതും എന്നാൽ അക്കൗണ്ടിൽ വരവ് ആകാത്തതുമായ ചെക്കുകൾ എന്നയിനത്തിൽ വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ പേയ്മെന്റ് ആയി 12/2021 മുതൽ വരവു വന്ന 120/-രൂപ, 220/- രൂപ നിരക്കിലുള്ള തുകകൾ, നാളിതുവരെയും ക്രഡിറ്റ് ആയിട്ടില്ല. 2022-23 ൽ പ്രതിമാസ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്കിൽ ഹാജരാക്കിയതും എന്നാൽ അക്കൗണ്ടിൽ വരവ് ആകാത്തതുമായ ചെക്കുകൾ എന്നയിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

മാസം	തുക (₹)
30.04.2022	23,254/-

31.05.2022	25,294/-
30.06.2022	26,494/-
31.07.2022	28,514/-
31.08.2022	30,039/-
30.09.2022	64,487/-
31.10.2022	91,301/-
30.11.2022	92,821/-
31.12.2022	83,836/-
31.01.2023	4,20,833/-
28.02.2023	4,20,388/-
31.03.2023	27,210/-

മേൽ സൂചിപ്പിച്ച അക്കൗണ്ടിൽ ക്രഡിറ്റ് ആകാനുള്ള തുകയായിട്ടാണ് ഇവ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത്. വസ്തു നികുതി, വിവാഹ രജിസ്ട്രേഷൻ ഫീ എന്നീയിനത്തിൽ ഓൺലൈനായി അടവാക്കിയ തുകകളാണ് ഇപ്രകാരം ക്രഡിറ്റ് ആകാനുള്ളത്. മേൽ തുകകൾ ഐ.കെ.എം.ന്റെ സൈറ്റിൽ പോയതിനു ശേഷമാണ് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആകുന്നത്. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആകുവാനുള്ള തുകകൾ മാസങ്ങളായി ഐ.കെ.എം.ന്റെ അക്കൗണ്ടിൽ കിടക്കുന്നു. അപാകത വിശദീകരിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, അപാകത ചൂണ്ടികാണിച്ച് ഐ.കെ.എം. ന് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് ലഭ്യമാകാനുള്ള തുകകൾ ക്രഡിറ്റ് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/27.9.23

1-14 ഇ- പേയ്മെന്റ് അക്കൗണ്ടിൽ പലിശരഹിതമായി തുക അവശേഷിക്കുന്നു

ഓൺലൈൻ ഇടപാടുകൾക്കായുള്ള എസ്.ബി.ഐ. യിലെ 00000370442807 98-ാം നമ്പർ അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കുന്നില്ല. കറന്റ് അക്കൗണ്ടിൽ 31.08.2023 വരെ 48,38,126/-രൂപ അവശേഷിക്കുന്നുണ്ട്. 2022-23 ൽ 47,24,824/-രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നു. ഈ തുക നിശ്ചിത ഇടവേളകളിൽ തനതുഫണ്ടിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റി ഇടാത്തതിനാൽ പലിശയിനത്തിൽ ഗ്രാമപഞ്ചായത്തിന് കിട്ടേണ്ട തുക ലഭ്യമാകാതെ പോകുന്നു. കറന്റ് അക്കൗണ്ടിൽ കിടക്കുന്ന തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റി ഇടാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, തുക മാറ്റിയിടുന്നത് തിരക്ക് മൂലം വിട്ടു പോയതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇ-പേയ്മെന്റ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിടാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/27.9.2023.

1-15 തൊഴിൽ നികുതി അടവാക്കിയില്ല

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

2023-24 വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി നൽകി. മേൽപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം. 13/29.9.2023.

1-16 എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല - 2,13,226/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി – 147/2023, എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

അടങ്കൽ – 9,98,010/-രൂപ (വികസന ഫണ്ട് എസ്.സി.പി.)

ചെലവ് – 2,13,226 /-രൂപ.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ 'എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ' എന്ന പദ്ധതി പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ് അനുസരിച്ച് 234 മേശയും കസേരയും വാങ്ങിയിട്ടുണ്ട്. ഇതിൽ 2022-23 ൽ 50 മേശയുടെയും 50 കസേരയുടെയും തുകയായ 2,13,226/- രൂപ (ബിൽ നമ്പർ – 417/28-3-23) മാത്രമാണ് നൽകിയത്. ഫർണിച്ചർ സ്കൂൾ അധികൃതർ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ ഉള്ളത്. മേശയും കസേരയും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ മേശയും കസേരയും വാങ്ങുന്നതിനായി ചെലവഴിച്ച 2,13,226/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേശയും കസേരയും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 2,13,226 /- രൂപ.

ഓഡിറ്റ് എൻകൃയറി നമ്പർ - 9/29-9-2023.

1-17 അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

2022-23 ൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ നടപടിക്രമങ്ങളിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പദ്ധതി 140 / 2023, എസ്. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ – 11,00,000/-രൂപ

(വികസന ഫണ്ട് എസ്.സി.പി. – 10,82,190/-രൂപ, തനത് ഫണ്ട് – 17,810/-രൂപ)

ചെലവ് – 4,40,000 /-രൂപ

(വികസന ഫണ്ട് എസ്.സി.പി. – 4,29,406/-രൂപ, തനത് ഫണ്ട് – 10,594/-രൂപ)

പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 7.2.4 പ്രകാരമുള്ള വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കുക, ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കുക എന്നീ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കാത്തത് നിർവ്വഹണത്തിലെ വീഴ്ചയാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പദ്ധതി 14/2023 എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ

അടങ്കൽ – 5,18,800 /-രൂപ (വികസന ഫണ്ട് - എസ്.സി.പി.)

ചെലവ് – 5,18,800 /-രൂപ (വികസന ഫണ്ട് - എസ്.സി.പി.)

പദ്ധതി പ്രകാരം 16 വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. സ്ഥാപനമേധാവിയിൽ നിന്നും ലഭിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ്

തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണം എന്ന മാനദണ്ഡം പാലിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കാത്തത് നിർവ്വഹണത്തിലെ വീഴ്ചയാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ – 9/29-9-2023.

1-18 ബഡ്സ് സ്കൂൾ - ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു

പദ്ധതി – 16/2023, ബഡ്സ് സ്കൂൾ നടത്തിപ്പ്

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ – 6,00,000 /-രൂപ

(വികസന ഫണ്ട് ജനറൽ – 1,00,000/-രൂപ, ബ്ലോക്ക് ഷെയർ – 5,00,000/-രൂപ)

ചെലവ് - 6,00,000/-രൂപ

(വികസന ഫണ്ട് ജനറൽ – 1,00,000/-രൂപ, ബ്ലോക്ക് ഷെയർ – 5,00,000/-രൂപ)

ബഡ്സ് സ്കൂളിലെ ടീച്ചർ, ആയ എന്നിവർക്ക് ശമ്പളം നൽകുന്നതിനും, വാഹനത്തിന്റെ ഇന്ധനച്ചെലവിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. ധനകാര്യ വകുപ്പ് ഉത്തരവ് പ്രകാരം ആവശ്യമായ തുക ബിൽ മുഖേന ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന രീതിയിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിന്റെ ചെലവ് നടത്തേണ്ടതാണ് എന്ന പരാമർശം 2021 -22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉണ്ടായിരുന്നു. എന്നാൽ 2022-23 ൽ ബഡ്സ് സ്കൂൾ നടത്തിപ്പിനായി പ്ലാൻ ഫണ്ട് മാറി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, അസിസ്റ്റന്റ് സെക്രട്ടറി കൺവീനറായുമുള്ള വികസന മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. 31-3-2022 ലെ നീക്കിയിരിപ്പ് 19,44,531/-രൂപ ഉണ്ടായിരിന്നിട്ടും വികസനഫണ്ട് 1,00,000/-രൂപ (ബിൽ നമ്പർ – 4/20-8-22), ബ്ലോക്ക് ഷെയർ 5,00,000/-രൂപ (ബിൽ നമ്പർ – 12/18-3-23) എന്നിങ്ങനെ മൊത്തത്തിൽ 6,00,000/- രൂപയാണ് അക്കൗണ്ടിൽ തൻവർഷം മാറിയിട്ടിരിക്കുന്നത്. ബഡ്സ് സ്കൂളിന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഗ്രാന്റിനത്തിൽ 2022-23 ൽ 9,54,900/- രൂപ ലഭിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം പലിശ ഇനത്തിൽ 46,352/-രൂപയും ലഭിച്ചു. ബഡ്സ് സ്കൂൾ നടത്തിപ്പിനായി 2022-23 ൽ 17,25,608/-രൂപ ചെലവഴിച്ചിട്ടുണ്ട്. 31-3-2023 ലെ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 18,20,175/-രൂപയാണ്. ആവശ്യകത കണക്കാക്കാതെ ബഡ്സ് സ്കൂൾ നടത്തിപ്പിനായി പ്ലാൻ ഫണ്ട് മാറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഫണ്ട് വിനിയോഗ ഉത്തരവിന് വിരുദ്ധമാണ്. പദ്ധതി നിർവ്വഹണത്തിലെ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ചതിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ധനകാര്യ വകുപ്പ് ഉത്തരവ് പ്രകാരം ആവശ്യമായ തുക ബിൽ മുഖേന ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന രീതിയിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിന് ചെലവ് നടത്തേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ – 9/29-9-2023.

1-19 തനത് വിഭവ സമാഹരണം- അവലോകനം

1) വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. എന്നാൽ ഈ നടപടികളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 22.06.2023-ലെ 3(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് 25.07.2023 ലെ 2(1) തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

2) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ് (ഖണ്ഡിക 1-11 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

3) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (ഖണ്ഡിക 1-15 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

4) ലൈസൻസ്-ഫീസ്

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 1-12 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

1-20 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 ൽ പദ്ധതിയിലൂടെ 2636 കുടുംബങ്ങൾക്ക് തൊഴിൽ നൽകി. ആകെ തൊഴിൽ ദിനങ്ങൾ 1,70,864 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 1047 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെയുള്ള 6,39,51,823 /- രൂപയുടെ ചെലവിൽ, ലൈഫ് ഭവന നിർമ്മാണം, പൊതു ആസ്തി നിർമ്മാണ പ്രവൃത്തികൾ, വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ, മണ്ണ്-ജല സംരക്ഷണം എന്നിവയ്ക്കായാണ് മുഖ്യഭാഗവും വിനിയോഗിച്ചത്.
പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.
1. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

2. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെയും ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സിമന്റിന്റെ മാർക്കറ്റ് റേറ്റ് ചുമതലപ്പെട്ടവർ ഇതുവരെ നിശ്ചയിച്ചിട്ടില്ല. വ്യക്തിഗത ആസ്തി നിർമ്മാണ പ്രവർത്തികളിൽ ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് സാധനഘടകത്തിന് തുക അനുവദിക്കുന്നത്. മാർക്കറ്റ് റേറ്റ് നിശ്ചയിച്ച് ഏകീകൃത സ്വഭാവം വരുത്തേണ്ടതാണ്.

5. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

7. വൃക്ഷത്തൈ നടീൽ പ്രോജക്ട് പ്രകാരം കുടുംബങ്ങളിൽ വിതരണം ചെയ്ത തൈകൾ നട്ടുവളർത്തുന്നതിന് ആനുപാതികമായ സ്ഥലവിസ്തൃതിയുണ്ടോ എന്നു മനസ്സിലാക്കുന്നതിന് വസ്തുവിന്റെ കരം ഒടുക്ക് രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ല.

1-21 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

പദ്ധതിയുടെ പേര്	അടങ്കൽ തുക (₹)	ചെലവു തുക (₹)
ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ S0015/23	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) -3,00,000/-	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) -2,00,000/- ബിൽ നമ്പർ – 3/31-10-22

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ നടത്തിയ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 2,00,000/- രൂപ ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ 1,08,440/- രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. മരുന്നുകളുടെ ലഭ്യതാ വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ബാക്കിയുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന 91,560/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 91,560/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 91,560 /- രൂപ.
ഓഡിറ്റ് എൻക്വയറി നം. 10/29-9-2023.

1-22 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല - 74,201/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-22 ൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം മുൻകൂർ തുക ചെലവഴിച്ചെങ്കിലും മരുന്ന്, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായി ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	പെർഫോമ ഇൻവോയിസ് /സ്ഥാപനം	നൽകിയ തുക (₹)	ലഭ്യമായ മരുന്നിന്റെ വിവരം തുക (രൂപ)	ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക (രൂപ)
9/23,പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ	PRF 9221, 20/8/22, IHDB	ബിൽ നമ്പർ - 6/29.8.22, 3,00,000/-	2,95,287 /-	4,713 /-
184/23, അതിജീവനം അതിദരിദ്രർക്ക് അലോപ്പതി മരുന്ന് വാങ്ങൽ	PRF10509@N/203/3, 10.3.23, IHDB	ബിൽ നമ്പർ - 26/21.3.23, 50,000/-	42,878 /-	7,122 /-

168/23, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ (ഉപകരണം വാങ്ങൽ)	PRF209/2022-23, 14-2-23 KMSCL	43,322/-	0	43,322 /-
13/23, സാന്ത്വന പരിചരണ ചികിൽസ പദ്ധതി	PRF 956, 8/8/22, KMSCL	80,069/-	79,135/-	934/-
	PRF 947, 5/8/22, KMSCL	1,65,028/-	1,51,857/-	13,171/-
	PRF 947, 5/8/22, IHDB	2,87,427/-	2,82,488/-	4,939/-
			ആകെ	74,201 /-രൂപ

മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 74,201/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 74,201/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 19/30.9.2023.

1-23 മെൻസ്ട്രൽ കപ്പ് പൂർണ്ണമായി വിതരണം ചെയ്തില്ല -24,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി – 114 / 23, മെൻസ്ട്രൽ കപ്പ് വിതരണം
അടങ്കൽ – 1,20,000/-രൂപ (സി.എഫ്.സി.)
ചെലവ് – 1,20,000/-രൂപ Xvfc/2022-23/p/87, 21-12-22
പദ്ധതി പ്രകാരം ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 400 മെൻസ്ട്രൽ കപ്പ് വാങ്ങി. ഒരു വാർഡിൽ 20 എണ്ണം വീതം 16 വാർഡുകളിലായി 320 മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി. വിതരണ വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 80 എണ്ണം വിതരണം ചെയ്യാൻ അവശേഷിക്കുന്നു. വിതരണം ചെയ്യാൻ അവശേഷിക്കുന്ന മെൻസ്ട്രൽ കപ്പിന്റെ വിലയായ 24,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന 80 മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 24,000/- രൂപ.
ഓഡിറ്റ് എൻക്വയറി നമ്പർ – 19/30-9-2023.

1-24 ലൈഫ് ഭവന പദ്ധതി-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല

പദ്ധതി – 97/23, ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.)

അടങ്കൽ – 4,00,00,000/-രൂപ

(എസ്.സി.പി.-12,25,000/-രൂപ,
സ്റ്റേറ്റ് ഷെയർ – 1,00,00,000/-രൂപ,
ബ്ലോക്ക് ഷെയർ- 38,75,000/-രൂപ,
ജില്ലാ ഷെയർ – 29,00,000/-രൂപ,
ലോൺ – 2,20,00,000/-രൂപ)

ചെലവ് – 1,57,80,000/-രൂപ

(എസ്.സി.പി. – 10,80,000/-രൂപ,

സ്റ്റേറ്റ് ഷെയർ – 28,40,000/-രൂപ,
ബ്ലോക്ക് ഷെയർ – 38,60,000/-രൂപ,
ജില്ലാ ഷെയർ – 24,50,000/-രൂപ,
ലോൺ – 55,50,000/-രൂപ)

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന പത്ത് ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താക്കൾ	കൈപ്പറ്റിയ തുക, ബിൽ നമ്പർ/ തീയതി
1	ശ്രീമതി വിമല, തടത്തിൽ തെക്കതിൽ	40,000/-രൂപ, ബിൽ നമ്പർ-18/17-9-22
2	ശ്രീമതി. സരസമ്മ, കലതിവിള കിഴക്കതിൽ	40,000/-രൂപ, 17-9-22
3	ശ്രീ. ബാലകൃഷ്ണൻ, തടത്തിൽ വീട്, കിടങ്ങയം വടക്ക്	40,000/-രൂപ, ബിൽ നമ്പർ-23/29-11-22
4	ശ്രീ. ദീപു, ശാരദാ ഭവനം, കിടങ്ങയം വടക്ക്	40,000/-രൂപ, ബിൽ നമ്പർ-38/25-1-23
5	ശ്രീമതി ലത, വലിയതറയിൽ	40,000/-രൂപ,ബിൽ നമ്പർ-38/25-1-23
6	ശ്രീമതി മണി. കെ, തടത്തിലഴികത്ത് തെക്കതിൽ	40,000/-രൂപ,ബിൽ നമ്പർ-38/25-1-23
7	ശ്രീമതി ലക്ഷ്മി കുഞ്ഞുമോൻ, വലിയതറ കിഴക്കതിൽ, പതാരം	40,000/-രൂപ,ബിൽ നമ്പർ-38/25-1-23
8	ശ്രീമതി ശോഭന, നിഥിൻ ഭവനം	40,000/-രൂപ,22200674/14-10-22
9	ശ്രീമതി ഉഷ. റ്റി, ഷാജി ഭവനം	40,000/-രൂപ, 22200897/22-12-22
10	ശ്രീ. ശ്രീരാജ്. വി, ശ്രീരാജ് ഭവനം	40,000/-രൂപ, 22201243/27-2-23
	ആകെ	4,00,000/-രൂപ

ഭവനനിർമ്മാണ വിവരങ്ങൾ അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളെ കൊണ്ട് വീട് പണി നടത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തപക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-12/29-9-2023.

1-25 ജനകീയ ഹോട്ടൽ പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 5,273 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി 76/2023 - വിശപ്പ് രഹിത ഗ്രാമം – ജനകീയ ഹോട്ടൽ
അടങ്കൽ – 1,25,000/-രൂപ (തനത് ഫണ്ട് – 1,00,000/-രൂപ, ബ്ലോക്ക് ഷെയർ – 25,000/-രൂപ)
ചെലവ് – 52 ,989/-രൂപ (തനത് ഫണ്ട് – 37,989/-രൂപ, ബ്ലോക്ക് ഷെയർ – 15,000/-രൂപ)

വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായുള്ള കുടുംബശ്രീയുടെ നടത്തിപ്പിലുള്ള ഹോട്ടൽ സംരംഭമായ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവയുള്ളതാണ് പ്രസ്തുത പദ്ധതി. പദ്ധതി പ്രകാരം 5,273 /-രൂപ (ചെക്ക് നമ്പർ-304906/28-3-23) ചെലവഴിച്ചെങ്കിലും ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 5,273/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക- 5,273 /-രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ-9/29-9-2023.

1-26 ഹരിതകർമ്മസേന പ്രവർത്തന അവലോകനം

ആകെ വാർഡ് - 16

ആകെ വീടുകൾ - 7148

ആകെ സ്ഥാപനങ്ങൾ - 475

ജനസംഖ്യ-24768

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 32 ഹരിത കർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ നിന്നും മാസം തോറും 50/- രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ബെയിൽ ചെയ്ത് ഗ്രീൻടെക് എക്കോ കൺസൾട്ടൻസി എന്ന സ്വകാര്യ കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം, ഐ.ഡി കാർഡ്, മറ്റ് സുരക്ഷ ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്.എം.സി.എഫ് ഉള്ള 11-ാം വാർഡ് ഒഴികെ എല്ലാ വാർഡുകളിലും മിനി എം.സി.എഫ് ഉണ്ട്. മിനി എം.സി.എഫിൽ നിന്നുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനും സംഭരിക്കുന്നതിനുമായി ഇരുവിച്ചിറ തെക്ക് വാർഡിൽ എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്.

തരംതിരിച്ച് അജൈവ മാലിന്യം സ്വകാര്യകമ്പനിക്ക് കൈമാറുന്നതിലൂടെ അധികവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ലഭിക്കുന്നു. നിലവിൽ 62% യൂസർഫീ കളക്ഷനാണ് ഉള്ളത്. എൻഫോഴ്സ് നടപടികൾ ശക്തമാക്കി ഈ വർഷാവസാനത്തോടെ 100% കളക്ഷനിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. യൂസർഫീയായി 2023 മാർച്ചിൽ 1,91,200/- രൂപയാണ് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമായിട്ടുള്ളത്. ഇതിൽ നിന്നും 10% തുക കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തി ബാക്കി തുക അംഗങ്ങൾക്ക് വേതനമായി നൽകിയിട്ടുണ്ട്. മാർച്ച് മാസത്തിൽ അംഗങ്ങൾക്ക് കൂടിയ ശമ്പളം 7,403/- രൂപയും കുറഞ്ഞ ശമ്പളം 2,925/- രൂപയും നൽകിയിട്ടുണ്ട്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നു.

1496/2020 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ ഐറ്റം 14 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും യൂസർ ഫീ രസീത്/ഗ്രീൻ കാർഡ് നിബന്ധമാക്കിയിട്ടുണ്ട്. 06.01.23 തീയതിയിലെ 41/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 100% യൂസർഫീ ശേഖരിക്കുന്നതിനായി അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹരിതകർമ്മസേനയുടെ യൂസർഫീ രസീത് നിർബന്ധമാക്കി.

2022-23 ൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് വേർതിരിച്ച് കൈമാറിയ പ്ലാസ്റ്റിക് ഇനങ്ങളിൽ നിന്നായി 2,11,580/- രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 10% തുക കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തി ബാക്കി തുക അംഗങ്ങൾക്ക് വേതനമായി നൽകിയിട്ടുണ്ട്.

എല്ലാ സ്ഥാപനങ്ങളിലും ക്യൂ ആർ കോഡുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രവർത്തനം മോണിറ്റർ ചെയ്യുന്നു. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം, പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് എന്നിവ തടയുന്നതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ മാലിന്യനീക്കത്തിനായി വാഹനം വാങ്ങി നൽകിയിട്ടുണ്ട്.

തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ

ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് "എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്വകാര്യ കമ്പനി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-27 വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമ കേന്ദ്രങ്ങളുടെ വിവരം ലഭ്യമാക്കിയില്ല

ഗ്രാമ കേന്ദ്രങ്ങളുടെ കെട്ടിട വാടക നല്കുന്നതിനുള്ള പ്രോജക്ട് പ്രകാരം (നം. 35/23) മൂന്ന് ഗ്രാമകേന്ദ്രങ്ങളുടെ വാടകയിനത്തിൽ ₹28,226/- അനുവദിച്ചിട്ടുണ്ട്.

വാർഡ് നം.	തുക കൈപ്പറ്റിയയാളുടെ പേര്	അനുവദിച്ച തുക (₹), (ഫണ്ട് ഇനം-തനത്)	ചെക്ക് നം., തീയതി	വാടക കാലയളവ്
16	ശ്രീമതി ഷമീന	10,140/-	304657 / 14.06.22	03/21--03/22
13	ശ്രീ. ഹനീഫാകുഞ്ഞ്	9,100/-	304657 / 14.06.22	03/21--03/22
7	ശ്രീ. നാരായണപിള്ള ബി	8,986/-	304918 / 30.03.23	ലഭ്യമാക്കിയിട്ടില്ല

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രാമകേന്ദ്രങ്ങളുടെ വിശദാംശങ്ങൾ, ഓരോ കെട്ടിടത്തിന്റെ പ്രതിമാസ വാടക, വാടക കുടിശിക എന്നീ വിവരങ്ങൾ വാടക കരാറുകൾ സഹിതം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 06/22-23, 27.09.23) മറുപടി ലഭ്യമാക്കിയില്ല. വാടകക്കരാർ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കാത്തതിനാൽ വാടകയിനത്തിൽ അനുവദിച്ച തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 06/22-23 / 27.09.23.
തടസ്സപ്പെടുത്തിയ തുക – 28,226/-രൂപ.

1-28 വിവിധ പ്രോജക്ടുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

(I) എസ് എസ് എ പദ്ധതിയ്ക്കായി ശാസ്താംകോട്ട ബി ആർ സി കോ-ഓർഡിനേറ്റർക്ക് വികസനഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ക്രമ നം.	പ്രോജക്ട് നം., പേര്	അനുവദിച്ച തുക ₹, ഫണ്ടിനം	ബിൽ നം. തീയതി
1	90/23 എസ്എസ് എ വിഹിതം (എസ് സി പി)	3,00,000/- വികസന ഫണ്ട്- എസ് സി പി	10/24.08.22
2	123/23 എസ്എസ് എ വിഹിതം (പൊതു.)	2,00,000/- വികസന ഫണ്ട് (പൊതു.)	11/24.08.22

(II) സാമൂഹ്യ സുരക്ഷാ മിഷന് പെൻഷൻ വിഹിതം നല്കുന്നതിന് താഴെ പറയും പ്രകാരം അനുവദിച്ച തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം., പേര്	അനുവദിച്ച തുക ₹	ഫണ്ടിനം	ബിൽ നം., തീയതി

124/23, സാമൂഹ്യ സുരക്ഷാ മിഷന് പെൻഷൻ വിഹിതം നല്കൽ	2,00,000/-	വികസന ഫണ്ട്	12/24.08.22

(lll) ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം കെ എസ് ഇബി യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരവും പ്രോജക്ട് പൂർത്തീകരണ വിവരവും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം., പേര്	അനുവദിച്ച തുക ₹	ഫണ്ടിനം	ചെക്ക് നം., തീയതി
86/23 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	33,688/- 49,217/-	തനത് ,,	305441/ 03.10.22 305932/ 16.03.23

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 06/22-23, 27.09.23) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തുകകളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 7,82,905/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമ നം. (l) തുകയുടെ വിശദമായ വിനിയോഗവിവരം, ക്രമ നം. (ll) തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ വിവരം, ക്രമ നം.(lll) തുകയുടെ വിനിയോഗ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

1-29 മുൻകൂർ അനുവദിക്കപ്പെട്ട പ്രോജക്ടുകൾ പൂർത്തിയായില്ല

വാർഷിക പദ്ധതി പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി തുകകൾ മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രോജക്ടുകൾ നാളിതുവരെ പൂർത്തിയായില്ല.

(l) പഞ്ചായത്ത് ഓഫീസിന് കഴൽ കിണർ നിർമ്മിക്കുന്നതിനായി പ്രോജക്ട് നം. 132/23 പ്രകാരം ₹2,93,405/- ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (വൗച്ചർ നം. Xvfc/2022-23/p/106 28.0323) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രോജക്ട് പൂർത്തിയായില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 06/22-23, 27.09.23) മറുപടിയിൽ നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ബാക്കി തുക കൂടി അനുവദിച്ച് പ്രോജക്ട് പൂർത്തീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ അനുവദിച്ച 2,93,405/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

(li) അങ്കണവാടി നം. 84 ന് വാട്ടർ കണക്ഷൻ നല്കുന്നതിനായി പ്രോജക്ട് നം. 181/23 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹90,000/- (വൗച്ചർ നം.xvfc/2022-23/p/96, 23.02.23) പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിക്ക് നല്കിയിരുന്നു. പ്രസ്തുത പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേണക്കുറിപ്പിന് (നം. 06/22-23, 27.09.23) മറുപടി ലഭ്യമാക്കിയില്ല. വാട്ടർ കണക്ഷൻ ലഭിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 90,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കണക്ഷൻ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(lii) ബേബി ഫ്രണ്ട് ലി അങ്കണവാടികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി മൂന്ന് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ വിഹിതം ₹1,00,000/-, കേന്ദ്രാവിഷ്കൃത വിഹിതം ₹7,00,000/-, ജില്ലാപഞ്ചായത്ത് വിഹിതം ₹4,00,000/- ഉൾപ്പടെ ആകെ ₹12,00,000/- അടങ്കൽ തുക വകയിരുത്തിയാണ് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായി തുക എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

പ്രോജക്ട് നം., പേര്	തുക ₹ (ഫണ്ട് ഇനം)	ചെക്ക് നം., തീയതി
119/23 ബേബി ഫ്രണ്ട് ലി അങ്കണവാടി നിർമ്മാണം നം.99, വാർഡ് 1	1,00,000/- (തനത് ഫണ്ട്)	304919/30.03.23
121/23 ബേബി ഫ്രണ്ട് ലി അങ്കണവാടി നിർമ്മാണം	1,00,000/-	304919/30.03.23

നം.102, വാർഡ് 4	(തനത് ഫണ്ട്)	
122/23 ബേബി ഫ്രണ്ട് ലി അങ്കണവാടി നിർമ്മാണം നം.106, വാർഡ് 14	1,00,000/- (തനത് ഫണ്ട്)	304919/30.03.23

പ്രോജക്ടിൽ ധനകാര്യ കമ്മീഷൻ വിഹിതമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും തനത് ഫണ്ട് പ്രോജക്ടുകൾക്കായി അനുവദിച്ചതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

പ്രോജക്ട് പൂർത്തിയായിട്ടില്ലാത്തതിനാൽ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 06/22-23, 27.09.23.
തടസ്സപ്പെടുത്തുന്ന തുക – 6,83,405/-രൂപ.

1-30 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല

വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി, കേരള ജല അതോറിറ്റി, എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയതായി കാണുന്നില്ല. ക്രമീകരിച്ചിട്ടില്ലാത്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ധനകാര്യ പത്രികയിലെ ഹെഡ്കോഡ്	തുക സ്വീകരിച്ച സ്ഥാപനം	01.04.22 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക (₹)
1	460500201	കേരള വാട്ടർ അതോറിറ്റി	12,06,716/-
2	460500202	കേരള ഇലക്ട്രിസിറ്റി ബോർഡ്	15,91,115/-
3	460100199	മറ്റ് അഡ്വാൻസുകൾ	34,560/-

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം. 07/22-23, 27.09.23) മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ അഡ്വാൻസുകളുടെയും മറ്റ് അഡ്വാൻസുകളുടെയും വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഏതൊക്കെ പ്രവൃത്തികൾ /പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകകൾ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയ്ക്കും തുക നല്കിയ വൗച്ചർ/ ബിൽ നം./ചെക്ക് നം., തീയതി, സ്ഥാപനം, പ്രോജക്ട് നം., ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക, കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരവും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണവും അറിയിക്കേണ്ടതാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-31 അക്രഡിറ്റഡ് സ്ഥാപനത്തിന് അധിക നിരക്കിൽ അഡ്വാൻസ് അനുവദിച്ചു

പ്രോജക്ട് നം. 196/23 പ്രകാരം ജൈവ മാലിന്യ പരിപാലന കേന്ദ്രം നിർമ്മാണത്തിനായി ഐ.ആർ.ടി.സി. എന്ന അക്രഡിറ്റഡ് സ്ഥാപനത്തിന് ₹9,95,504/- മുൻകൂറായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ ചെലവിലേക്ക് ഐ.ആർ.ടി.സി. നല്കിയ എസ്റ്റിമേറ്റ് തുകയായ ₹19,91,099/- ടെ 50% തുകയാണ് കരാർ പ്രകാരം (കരാർ നം. 16/2023 25.03.23) അനുവദിച്ചത്. ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്ന് വൗച്ചർ നം.xvfc/2022-23/p/108 30.03.23 പ്രകാരമാണ് തുക അനുവദിച്ചത്. അക്രഡിറ്റഡ് ഏജൻസികൾക്ക് നിർമ്മാണ പ്രവൃത്തികൾക്കായി മുൻകൂറായി തുക അനുവദിക്കുമ്പോൾ സ.ഉ.(പി)നം.311/74/ധന. 30.07.14 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. ആയതു പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് 20% തുക മുൻകൂറായി അനുവദിക്കാവുന്നതാണ്. ബാക്കി തുക 15% വീതം ഗഡുക്കളായി പ്രവൃത്തി മൂല്യം പരിഗണിച്ച് നല്കേണ്ടതും 5% തുക പെർഫോർമൻസ് ഗ്യാരണ്ടിയായി സൂക്ഷിക്കേണ്ടതുമാണ്. ഇതനുസരിച്ച് അനുവദിക്കാവുന്ന അഡ്വാൻസ് 39,82,20/-രൂപയാണ്. എന്നാൽ 9,95,504/- രൂപ അനുവദിച്ചിരിക്കുന്നു. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 06/22-23, 27.09.23 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹9,95,504/- ടെ

ചെലവ് തടസ്സപ്പെടുത്തുന്നു. ഇത്തരത്തിൽ അധികമായി തുക അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി അഡ്വാൻസ് അനുവദിക്കുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 06/22-23/ 27.09.2023.
തടസ്സപ്പെടുത്തിയ തുക – 9,95,504/-രൂപ.

1-32 വെള്ളക്കരം ഒടുക്കൽ - ഡിമാന്റ് വിവരം ലഭ്യമാക്കിയില്ല

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പ്രോജക്ട് നം. 01/23 പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. 388 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഒടുക്കി വരുന്നത്. വൗച്ചർ പരിശോധിച്ചതിൽ ഈ ഇനത്തിൽ തൻവർഷം ആകെ ₹22,87,665/- ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ വെള്ളക്കരം ഡിമാന്റ് നോട്ടീസുകൾ പ്രകാരം പ്രതിമാസം ₹1,87,145/- നിരക്കിൽ 04/22 മുതൽ 12/22 വരെ ഒൻപത് മാസത്തെ തുകയായി ₹16,84,305/- ഒടുക്കിയിട്ടുണ്ട്. 01/23 മുതൽ 03/23 വരെയുള്ള വെള്ളക്കരമിനത്തിൽ ₹6,03,360/- (വൗച്ചർ നം.XVFC/2022-23/P/104 23.03.23) ആണ് ഒടുക്കിയിട്ടുള്ളത്. ഈ 3 മാസങ്ങളിലെ ഡിമാന്റ് നോട്ടീസ്, ഡിമാന്റ് തുക എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/22-23, 30.09.23) മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ ₹6,03,360/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 18/22-23/ 30.09.2023.
തടസ്സപ്പെടുത്തിയ തുക – ₹6,03,360/-

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2022-23	25.09.2023 മുതൽ 26.09.2023 വരെ	കെ.എസ്.എ.കെ.എൽ.എം.പി 10/1732/23 തീയതി – 25.10.2023

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക ₹	പ്രോജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2022-23	73370/-	സാന്ത്വന പരിചരണ ചികിൽസ പദ്ധതി	73370/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	500000/-	ബഡ്സ് സ്കൂൾ നടത്തിപ്പ്	500000/-	0

ബ്ലോക്ക് പഞ്ചായത്ത്	2022-23	630000/-	ലൈഫ്-ഭവന നിർമ്മാണം(ജനറൽ)	630000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	2225000/-	ലൈഫ് -ഭ്രരഹിതർക്ക് ഭ്രമി വാങ്ങൽ (എസ് സി പി)	2225000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	300000/-	ലൈഫ്-ഭവന നിർമ്മാണം (എസ്.സി.പി.)	300000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	15000/-	വിശപ്പ് രഹിത ഗ്രാമം- ജനകീയ ഹോട്ടൽ	15000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	3860000/-	ലൈഫ് ഭവന നിർമ്മാണം എസ് സി പി	3860000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	250000/-	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	250000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	500000/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	500000/-	0
ജില്ലാ പഞ്ചായത്ത്	2022-23	620000/-	ലൈഫ്-ഭവന നിർമ്മാണം (എസ്.സി.പി.)	620000/-	0
ജില്ലാ പഞ്ചായത്ത്	2022-23	2348981/-	ബഡ്സ് സ്കൂൾ നിർമ്മാണം	2348981/-	0
ജില്ലാ പഞ്ചായത്ത്	2022-23	347255/-	അംഗനവാടി അന്നപൂരക പോഷകാഹാര പരിപാടി -ജനറൽ	347255/-	0
ജില്ലാ പഞ്ചായത്ത്	2022-23	2450000/-	ലൈഫ് ഭവന നിർമ്മാണം എസ് സി പി	2450000/-	0
ജില്ലാ പഞ്ചായത്ത്	2022-23	675000/-	ലൈഫ് -ഭ്രരഹിതർക്ക് ഭ്രമി വാങ്ങൽ	675000/-	0
ജില്ലാ പഞ്ചായത്ത്	2022-23	100000/-	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	100000/-	0
ജില്ലാ പഞ്ചായത്ത്	2022-23	990000/-	ലൈഫ്-ഭവന നിർമ്മാണം(ജനറൽ)	990000/-	0
ജില്ലാ പഞ്ചായത്ത്	2022-23	294668/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	294668/-	0
ജില്ലാ പഞ്ചായത്ത്	2022-23	15000/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- എസ് സി പി	15000/-	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ അവശേഷിക്കുന്ന തുക (₹)
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	ഇലട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	305441/03.10.2022 305932/16.03.2023	33,688/- 49,217/-	0	82,905/-
ഭ്രജല വകുപ്പ്	പഞ്ചായത്ത് ഓഫീസിൽ കുഴൽകിണർ	XVFC/22-23/P106/ 28.03.2023	2,93,405/-	0	2,93,405/-
കേരളാ വാട്ടർ അതോറിറ്റി	അംഗനവാടി വാട്ടർകണക്ഷൻ- അംഗനവാടി നം – 84 വാർഡ്-2 97 വാർഡ്-9 98	XVFC/22-23/P96/ 23.02.2023	90000/-	0	90000/-

	വാർഡ്- 10				

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,67,60,000/-രൂപ വരവുണ്ട്. മുൻബാക്കി 30,004/- രൂപയടക്കം 1,67,90,004/- രൂപയിൽ 94,40,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	തൻവർഷ വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ.(സാധാ) 5105/19 തീയതി 1/8/19	1,67,60,000/-	4,87,24,000/-	73,59,823/-	0	5,81,24,177/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികൾ ഉൾപ്പെട്ടിട്ടില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (രൂപ)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
ഇല്ല			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	2,13,226/-	ശ്രീ. ജി. അനിൽകുമാർ, അസി. സെക്രട്ടറി
1-21	91,560 /-	ശ്രീമതി മിനി എസ് പൈ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
1-22	74,201/-	ശ്രീമതി ശ്രീലക്ഷ്മി എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
1-23	24,000/-	ശ്രീമതി ശ്രീലക്ഷ്മി എസ്,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
1-25	5,273/-	ശ്രീ. ജി. അനിൽകുമാർ, അസി. സെക്രട്ടറി

1-27	19,240/-	ശ്രീ. അജ്മൽ ജെ., സെക്രട്ടറി
	8,986/-	ശ്രീ. ഡെമാസ്റ്റൻ, സെക്രട്ടറി
1-28	7,33,688/-	ശ്രീ അജ്മൽ ജെ., സെക്രട്ടറി
	49,217/-	ശ്രീ. ഡെമാസ്റ്റൻ, സെക്രട്ടറി
1-29	6,83,405/-	ശ്രീ. ഡെമാസ്റ്റൻ, സെക്രട്ടറി
1-31	9,95,504/-	ശ്രീ. ഡെമാസ്റ്റൻ, സെക്രട്ടറി
1-32	6,03,360/-	ശ്രീ. ഡെമാസ്റ്റൻ, സെക്രട്ടറി

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (₹)
ഇല്ല	-

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. അജ്മൽ ജെ., സെക്രട്ടറി	ഐ.കെ.എം. പ്രോജക്ട് ഇംപ്ലിമെന്റ് യൂണിറ്റ്, തിരുവനന്തപുരം	ഐക്കര പുത്തൻ വീട് പട. സൗത്ത്, കരുനാഗപ്പള്ളി
ശ്രീ. ഡെമാസ്റ്റൻ, സെക്രട്ടറി	തൊടിയൂർ ഗ്രാമപഞ്ചായത്ത്	ഡെൻസ് ഹൗസ് കാട്ടിൽ കടവ്, കരുനാഗപ്പള്ളി
ശ്രീമതി ശ്രീലക്ഷ്മി എസ്. മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ശൂരനാട് തെക്ക്	ലക്ഷ്മികൃപ, ഇടക്കുളങ്ങര പി.ഒ, കരുനാഗപ്പള്ളി
ശ്രീമതി മിനി എസ് പൈ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ (ആയുർവേദം), ഗവ.ആയുർവേദ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര	അനുഗ്രഹ, കുടുമ്പന്നൂർ പ്രാവച്ചമ്പലം, നേമം പി.ഒ.
ശ്രീ. ജി. അനിൽകുമാർ, അസി. സെക്രട്ടറി	വോർക്കാടി ഗ്രാമപഞ്ചായത്ത്	ചൈത്രം, അരിനല്ലൂർ പി.ഒ., തേവലക്കര
ശ്രീ. ഗിരീഷ് വി.	വി.ഇ.ഒ. ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്	കൊച്ചുതറയിൽ ഹൗസ്, സൗത്ത് വെസ്റ്റ് തഴവ, തഴവ പി.ഒ.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.കൃ.പി8/1396(3)/14 തീ. 24.6.14	3
1999-00	എൽ.എഫ്.കൃ.പി8/1396(5)/14 തീ. 24.6.14	5
2001-02	എൽ.എഫ്.കൃ.പി8/1396(7)/14 തീ. 24.6.14	2
2002-03	എൽ.എഫ്.കൃ.പി8/1396(8)/14 തീ. 24.6.14	4
2003-04	എൽ.എഫ്.കൃ.പി8/1396(9)/14 തീ. 24.6.14	2
2004-05	എൽ.എഫ്.കൃ.പി8/1396(10)/14 തീ. 24.6.14	4
2005-06	എൽ.എഫ്.കൃ.പി8/1396(11)/14 തീ. 24.6.14	4

2006-07	എൽ.എഫ്.കൃ.പി8/1396(12)/14 തീ. 24.6.14	6
2007-08	എൽ.എഫ്.കൃ.പി8/1396(13)/14 തീ. 24.6.14	6
2008-09	എൽ.എഫ്.കൃ.പി8/1396(14)/14 തീ. 24.6.14	2
2009-10	എൽ.എഫ്.കൃ.പി8/1396(15)/14 തീ. 24.6.14	6
2010-11	എൽ.എഫ്.കൃ.പി8/1396(16)/14 തീ. 24.6.14	6
2011-12	കെ.എസ്.എ.–കെ.എൽ.എം.പി10/അദാലത്ത്/11-12/1527/22 തീ 22.08.22	6
2012-13 & 2013-14	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/12-13, 13-14/ 1527/22 തീ 22.08.22	8
2014-15	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/14-15/1527/22 തീ 22.08.22	7
2015-16	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/15-16/1527/22 തീ 22.08.22	5
2016-17	കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017	9
2017-18	കെ.എസ്.എ. കെ.എൽ.എം.പി. 10/206/19 തീയതി,26/03/19	6
2018-19	കെ.എസ്.എ. കെ.എൽ.എം.പി. 10/479/2020 തീയതി, 10/06/20	6
2019-20	കെ.എസ്.എ. കെ.എൽ.എം.പി. 10/79/2022 തീയതി, 22/06/2022	12
2020-21	കെ.എസ്.എ. കെ.എൽ.എം.പി. 10/1220/2022 തീയതി 25/07/2022	10
2021-22	കെ.എസ്.എ. കെ.എൽ.എം.പി. 10/44/2023 തീയതി 29/03/2023	17

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 11-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Sooranad South Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Sooranad South Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Sooranad South Grama Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit :-

Ratios, Notes on account.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) The following registers are not maintained/does not match with accounts/not reliable for audit :-

Stock register (B-14 schedule), Assets Register.

4) Lapses in making timely and accurate demand entries in respect of tax and non tax revenue.

5) Lack of authenticated journal vouchers for supporting the adjustment entries recorded in the head of Prior Period items.

6) The following demand registers are not periodically reconciled with accounts :-

Property tax- book adjustments in sanchaya software.

7) Cheque deposited not credited.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.